പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 735 — 11.06.2014-ലെ മറുപടിക്ക്

## മിശ്രവിവാഹിതരുടെ മക്കളെ മെഡിക്കൽ എൻട്രൻസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഇത്തവണത്തെ മെഡിക്കൽ എൻട്രൻസ് റാങ്ക് ലിസ്റ്റിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന എത്ര കുട്ടികളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5964 വിദ്യാർത്ഥികളാണ് ഇത്തവണത്തെ മെഡിക്കൽ എൻട്രൻസ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. |
| ബി) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യത നേടിയ വിദ്യാർത്ഥികളിൽ ആരെയെങ്കിലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതെ മാറ്റി നിർത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകാരണത്താലാണ് ഇവരെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതിരുന്നതെന്ന് വ്യക്തമാക്കുമോ; | ബി) യോഗ്യത നേടിയ പട്ടിക വിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിയെയും മാറ്റി നിറുത്തിയിട്ടില്ല. എന്നാൽ പട്ടിക വിഭാഗം സംവരണം ആവശ്യപ്പെട്ട അപേക്ഷകരിൽ കിർത്താഡ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംവരണത്തിനുള്ള അർഹത ഇല്ലാത്തതിനാൽ മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 50 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |

| | |
|---|---|
| സി) മിശ്രവിവാഹിതരായ ദമ്പതികളിൽ ഭർത്താവ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് പട്ടികജാതി വിഭാഗത്തിലുള്ള ആനുകൂല്യം ലഭിക്കുമെന്നിരിക്കെ ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താതെ മാറ്റിനിർത്തിയിട്ടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) ഇത്തരത്തിൽ ആരെയും മാറ്റി നിറുത്തിയിട്ടില്ല. |
| ഡി) യോഗ്യതാമാർക്ക് നേടിയ മുഴുവൻ മിശ്രവിവാഹിതരായ മാതാപിതാക്കളുടെ കുട്ടികളെയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഡി) മിശ്രവിവാഹിതരായവരുടെ മക്കളിൽ പട്ടികജാതി സംവരണത്തിന് അർഹത യുണ്ടെന്ന് കണ്ടെത്തിയ എല്ലാ വിദ്യാർത്ഥികളെയും പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തി റാങ്ക് ലിസ്റ്റിൽ ചേർത്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**